# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA.P9-1121/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 10/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA.P9-1121/2023

തീയ്യതി: 10/11/2023

# പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ

മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 21-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2023 | 21-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ കെ., ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആർ മോഹനൻ നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പി നന്ദകുമാർ | സെക്രട്ടറി | 01-04-2022 | 29-09-2022 |

| | | | |
|---|---|---|---|
| ശ്രീ പി ജെ രാജേഷ് കുമാർ | സെക്രട്ടറി | 30-09-2022 | 31-03-2023 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.തത്ത ദമനൻ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ജ്യോതി വേണുഗോപാൽ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2022 | 31-03-2023 |
| ശ്രീ രഞ്ജിത്ത് കുമാർ എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനുപമ കെ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ ഫിജു സി ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി നീതു ഷാരോൺ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജന മോഹനൻ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുമ എസ് എൽ, | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീമതി സിനിമോൾ കെ എസ് | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 29-09-2022 | 17-10-2022 |
| ശ്രീമതി മിനി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-10-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി സൂസൻ കുര്യൻ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ കാർത്തിക് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-09-2022 |
| ശ്രീ നന്ദകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകൾ - നീക്കിയിരിപ്പ് കൃത്യമല്ല | 1-1-1 |
| 3 | ലോൺ അക്കൗണ്ട് - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-2 |
| 4 | ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഇല്ല | 1-1-3 |
| 5 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കൃത്യമല്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക കൃത്യമല്ല | 1-1-8 |
| 10 | റിഡംമ്ഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കൃത്യമല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 21 | റവന്യൂ വിഭവ സമാഹരണം - അവലോകനം | 1-11 |
| 22 | തൊഴിൽനികുതി പിരിവ് | 1-12 |
| 23 | റേഷൻ വ്യാപാരികളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടില്ല. | 1-13 |
| 24 | ലേലം - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 25 | ഇ- ടെണ്ടർ ഫീസ് ജില്ലാപ്പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല | 1-15 |
| 26 | ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല | 1-16 |
| 27 | തെരുവു വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങലും റിപ്പയറിംഗും - അപാകതകൾ | 1-17 |
| 28 | ടേക്ക്-എ-ബ്രേക്ക് ടോയ്‌ലെറ്റ് നിഷ്ക്രിയ ആസ്തിയായി മാറുന്നു | 1-18 |
| 29 | വാതിൽപ്പടി സേവനം -പരിശീലനത്തിൽ ഒതുങ്ങി | 1-19 |
| 30 | തെങ്ങിൻ തൈ ഉത്പാദനം - തുടർ നടപടി ഇല്ല | 1-20 |
| 31 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-21 |
| 32 | പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചില്ല | 1-22 |
| 33 | എസ്എൽബിപി - ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തിരികെ ഒടുക്കിയില്ല | 1-23 |
| 34 | വെള്ളക്കരം അധികം ഒടുക്കി | 1-24 |
| 35 | തോട് നവീകരണ പദ്ധതി - അപാകതകൾ | 1-25 |
| 36 | അജൈവമാലിന്യ ശേഖരണം നടപ്പായില്ല | 1-26 |
| 37 | അങ്കണവാടിയ്ക്ക് വയറിംഗ് - പ്രോജക്ട് നടപ്പിലാക്കിയില്ല | 1-27 |
| 38 | മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 1-28 |
| 39 | കരാർ ജീവനക്കാരുടെ സേവന വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-29 |

| | | |
|---|---|---|
| 40 | സംരക്ഷണ ഗ്രാന്റ് വിഹിതം - 67.03 ലക്ഷം രൂപ നഷ്ടപ്പെടുത്തി | 1-30 |
| 41 | പണമടച്ചു: പിഎച്ച്സിക്ക് മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല | 1-31 |
| 42 | പഠനമുറി- നിർമാണം പൂർത്തീകരിച്ചില്ല | 1-32 |
| 43 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ നിർദ്ദേശങ്ങളും അനുസരിച്ച് 21-06-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തയ്യാറാക്കി 22-06-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർ പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവന ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽക രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ട പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്ക മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്ത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രാ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായ സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാ പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

10.11.2023 കേരള സംസ്ഥാന ഓഡിറ്റ് വ

## 1-1-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകൾ - നീക്ക് കൃത്യമല്ല

ഷെഡ്യൂൾ ബി4 ( Grants & Contributions For Specific Purposes):- സംയുക്ത ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക(4143194) ട്രഷറി അക്കൗണ്ട് നീക്കി പൊരുത്തപ്പെടുന്നില്ല.

## 1-1-2 ലോൺ അക്കൗണ്ട് - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി5 ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭിച്ച 520000രൂപ Loan സെക്യേർഡ് ലോൺ ആയി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

## 1-1-3 ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഇല്ല

ഷെഡ്യൂൾ B14:-ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 മുൻകൂർ ക്രമീകരിച്ചിട്ടില്ല

ഷെഡ്യൂൾ ബി 18

A)പഞ്ചായത്ത് ഓഫീസിൽ യു.പി.എസ്. സ്ഥാപിക്കുന്നതിന് 2017-18ൽ P തുക ക്രമീകരിച്ചിട്ടില്ല.

B)Temporary Advance For Official Purpose ഇനത്തിൽ 2018-19 ൽ നൽകിയ 10000രൂപ

## 1-1-5 ആസ്തി രജിസ്റ്റർ കൃത്യമല്ല

ആസ്തി രജിസ്റ്റർ കൃത്യമല്ല. ധനകാര്യ പത്രികയിലെ ആസ്തികളുടെ മൂല്യ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രക അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെ

ക്യാഷ് ഫ്ലോ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മില ചേർത്തിരിക്കുന്ന തുക, തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോ എന്നിവ പൊ

## 1-1-8 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക കൃത്യമല്ല

ഷെഡ്യൂൾ ബി-11(B): Capital Work In Progress- 790983 (
പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

## 1-1-9 റിഡംമ്ഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക ക

ഷെഡ്യൂൾ B-15:- ഗ്രാമപ്പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നിന കുറവ് ചെയ്ത തുക 3986857 രൂപയാണ്. എന്നാൽ Redumption ഇനത്തി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 05-03-2022 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 25-03-2022 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 07-02-2023 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത |
|---|---|---|---|
| മുന്നിരിപ്പ് | 5104583 | 12759711 | 76551 |
| വരവ് | 182286000 | 36327417 | 14595 |
| ആകെ | 187390583 | 49087128 | 13830 |
| ചെലവ് | 183360300 | 36572139 | 14678 |
| നീക്കിയിരിപ്പ് | 4030283 | 12514989 | 84847 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12759711 | |
| വരവ് | 36327417 | |
| ആകെ വരവ് | 49087128 | 126902027 |
| ചെലവ് | 36572139 | 132533003 |
| നീക്കിയിരിപ്പ് | 12514989 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ
കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിവ
ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 528000 |
| | അങ്കണവാടി അധിക വേതനം | 1226400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 631323 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | ( |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 14919000 | 14919000 | 13351512 | 922170 | 1 |
| വികസനഫണ്ട് (SCP) | | 10766000 | 10766000 | 9626690 | 545400 | 1 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 1922904 | 5818334 | 7741238 | 4578470 | | 3 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1202356 | 2455200 | 3657556 | 2410281 | | 1 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 6429000 | 6429000 | 2238545 | | 4 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | | 4570000 | 4570000 | 2057247 | | 2 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| എസ്.എസ്.എ. | 35519 | 975 | 36494 | - | - | 3 |
| ലൈബ്രറി ഗ്രാന്റ് | - | - | - | - | - | - |
| സാക്ഷരത | 2573 | 103 | 2676 | - | - | 2 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | - | 150000 | 150000 | 150000 | - | 0 |
| Life State Share | 520000 | 4800000 | 5320000 | 2480000 | | 2 |
| **കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| MGNREGS | 1603.5 | 28890813 | 28892416.5 | 28888147 | - | 4 |
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 887533 | 1258102 | 2145635 | 375636 | - | 1 |
| സ്വച്ഛ ഭാരത് മിഷൻ | 455000 | - | 455000 | 426020 | | 2 |
| സ്വച്ഛ ഭാരത് മിഷൻ Phase II | 297090 | | 297090 | - | - | 2 |
| PBIG | 168276 | - | 168276 | 45000 | | 1 |
| ഹെൽത്ത് ഗ്രാന്റ് | 7891 | 812891 | 820782 | 447410 | | 3 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത (എണ്ണം) |
|---|---|---|---|---|---|
| 191 | 100228919 | 116 | 51085805 | 35 | 40 |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെല

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന് ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 15423858 | 9454708 | 61.3 |
| സേവനം | 64883679 | 32344587 | 49.85 |
| പശ്ചാത്തലം | 19921382 | 9286510 | 46.62 |
| ആകെ | 100228919 | 51085805 | 50.97 |

(3) 1.51 കോടി രൂപയുടെ പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കിയില്ല

തൻവർഷം അംഗീകാരം വാങ്ങിയ 191 പ്രോജക്ടുകളിൽ 4 നടപ്പിലാക്കാതിരുന്നത്. വ്യക്തമായ ആസൂത്രണത്തോടെയ ആവിഷ്കരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ് ആവശ്യാധിഷ്ഠിതമായാണോ ആവിഷ്കരിച്ചിട്ടുള്ളതെന്നും പ്രവർത്ത നിർവ്വഹണം നടത്താൻ കഴിയുന്നുണ്ടോ എന്നും ബന്ധപ്പെട്ട വ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. തൻ വർഷം 1.51 കോടി രൂപയ നടപ്പിലാക്കാതിരുന്നത്. പ്രോജക്ടുകൾ നടപ്പിലാക്കാത്തതിന്റെ വിവരം ച

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 24 | 10416215 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | 1 | 110000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 850872 |
| വെറ്ററിനറി സർജൻ | 2 | 1237800 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 10 | 2480427 |
| ഹെഡ്മാസ്റ്റർ , ഗവൺമെന്റ് എൽ .പി.സ്കൂൾ | 1 | 49800 |
| | 40 | 15145114 |

**നടപ്പിക്കാലാതിരുന്ന പ്രോജക്ടുകളിൽ സെക്രട്ടറി നിർവ്വഹണ സ്പിൽ ഓവർ ആയി ആവിഷ്കരിച്ച പ്രോജക്ടുകളും ഉൾപ്പെടു പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പദ്ധതി (കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022) പ്രകാരം നൽകിയിട്ടുണ്ട്. മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശേ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാ നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പി കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരി നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പി പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ തന് തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.**

1.നിലാവ് പദ്ധതി (അടങ്കൽ 264000/-)

2,കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടറി സർവീസ് അടങ്കൽ 50,000/-)

3,ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ (അടങ്കൽ ₹600000/-)

4, വള്ളത്തോൾ വായനശാല ശൗചാലയ നിർമ്മാണം ( അടങ്കൽ ₹200000/-)

7.80 & 89 നമ്പർ അംഗൻവാടി കെട്ടിടങ്ങൾക്ക് വയറിങ് (അടങ്കൽ ₹200000/-)

പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ആവ( നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി 24.10.23) മറുപടി ലഭ്യമാക

വരും വർഷങ്ങളിൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1603.50 | 2177761 | 2179364.5 | 2175095 | 4269 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26713052 | 26713052 | 26713052 | |
| ആകെ | 1603.50 | 28890813 | 28892416.5 | 28888147 | 4269 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികള താഴെ കൊടുക്കുന്നു.

| *പെൻഷൻ ഇനം* | *ചെലവ്* | *ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2718300 | 223 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2403600 | 217 |
| വിധവാ പെൻഷൻ | 10191900 | 940 |
| വാർദ്ധക്യകാല പെൻഷൻ | 21339500 | 2024 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 537000 | 46 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള
പരിശോധന 20.10.2023തീയതിൽ 11 A.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന
നടത്തുകയുണ്ടായി. പരിശോധനയിൽ 1671/-രൂപ നീക്കിയിരിപ്പിന്റെ ക്യ

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ
ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. നികു
വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ മികച്ച പുരോഗതി കൈവരിക്കാന
കഴിഞ്ഞിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08/06/2012 | 2011-12 | 24/09/2013 |
| പെർഫോമൻസ് ഓഡിറ്റ് | 06/07/2022 | 01/2022-03/2022 | 07/07/2022 |

## 1-11 റവന്യൂ വിഭവ സമാഹരണം - അവലോകനം

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി-നികുതിയേതര വരുമാന
തൊഴിൽനികുതി, ലൈസൻസ് ഫീസ്, വാടക എന്നിവയാണ്. കഴിഞ്ഞ
നികുതി പിരിവ് ശതമാനം ചുവടെ ചേർക്കുന്നു.

| വർഷം | നികുതി പിരിവ് ശതമാനം |
|---|---|
| 2020-21 | 88 |
| 2021-22 | 96.01 |
| 2022-23 | 100 |

നികുതി- നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീ
ചേർക്കുന്നു.

### തൊഴിൽ നികുതി

തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻ
താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻ |
|---|---|---|---|

| | | | |
|---|---|---|---|
| ജീവനക്കാർ | 1108180 | 1108180 | 0 |
| ട്രേഡേഴ്സ് | 131860 | 131860 | 0 |
| ഇൻസ്റ്റിറ്റ്യൂഷൻ | 65600 | 65600 | 0 |

തൊഴിൽ നികുതി ഇനത്തിലെ വരവ് 100% ആക്കാൻ കഴിഞ്ഞിട്ടുണ്ട്. നി തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമ കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ഒഴിവാക്കപ്പെടുന്നു. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സ തയ്യാറാക്കി സൂക്ഷിക്കാത്തതാണ് പ്രധാന കാരണം. വാണിജ്യ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെട പരിശോധിക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>വസ്തു നികുതി</u>

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളുണ്ട്. വസ്തുനികുതി ഇന ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ സഞ്ചയ പ്രകാരമുള്ള വിവരം

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ |
|---|---|---|---|
| വസ്തു നികുതി | 6202191 | 5388545 | 848318 |

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി വരുന്നു. റിക്കവറി നടപടി അടിയന്തിരമായി പൂർത്തീകരിച്ച് വസ്തു പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിൽ സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ കമ്മിറ്റി വിലയിരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് നിലവിൽ 10% ഈടാക്കുന്നുണ്ട്. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജി സൂക്ഷിക്കുന്നുണ്ട്. സഞ്ചയ പ്രകാരം 49 അനധികൃത കെട്ടിടങ്ങ നിർമ്മാണങ്ങൾക്ക് യു എ നമ്പർ അനുവദിച്ച് മൂന്നിരട്ടി നികുതി ഈടാക്ക

<u>വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് 
നടത്തുന്നില്ല:</u>

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21 പ്രകാരം താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിട കെട്ടിടങ്ങളും ഗ്രൂപ്പ് , G1, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളി ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോ നടത്തപ്പെടുന്നില്ല. ഇത് അനധികൃത നിർമ്മാണങ്ങളെയും വസ്തുനിക

ശേഷം സംഭവിക്കുന്ന വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാ സൗകര്യങ്ങളെയും (ഉപയോഗക്രമത്തിലെ മാറ്റം, തറ വിസ്തീർണ്ണ മുതലായവ) തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്.

വസ്തു നികുതി പരിഷ്ക്കരണം

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുക കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാ നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർ ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വര ആണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് വള്ളിക്കോട് അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന ാം തീരുമാനം) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അ അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധ വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്ര വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയാ പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളു മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർ നടപടികൾ ആരംഭിക്കേണ്ടതാണ്.

## നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിം ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ. അ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാല |
|---|---|---|---|
| ലൈസൻസ് ഫീസ് | 172500 | 172500 | 0 |
| വാടക | 79092 | 79092 | 0 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 162847 | 162847 | 0 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 70558 | 70558 | 0 |

നികുതിയേതര വരുമാനത്തിലെല്ലാം തന്നെ മുൻ വർഷത്തെക്കാൾ ഉണ്ടായിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യാപാര സ്ഥാപന പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത റേഷൻകടകളെയെല്ലാം തന്നെ ലൈസൻസ് പരിധിയിൽ കൊണ്ട് വരേണ നികുതി, നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള

അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടുള്ളതാ
തനതു വരുമാന മേഖലകൾ കണ്ടെത്തുന്നതിനു നിർദേശം നല്കേണ്ടതാ
ചെമ്പകപ്പാലത്തിന് സമീപം സായാഹ്ന പാർക്ക് സജ്ജീകരണം എന്ന
സഞ്ചാരത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതി
അറിയിച്ചിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾ പരമാവധ
പ്രാദേശിക സാമ്പത്തിക വികസനത്തിനും വരുമാന വർധനവിനും ഉ
സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവ്

കേരള പഞ്ചായത്ത് രാജ് നിയമം 204-ാം - വകുപ്പ് , 1996 ലെ തൊഴിൽ നിക
എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കു
പഞ്ചായത്ത് പ്രദേശത്ത്, ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, 
കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ
ഈടാക്കാവുന്നതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ച
ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽ നിക

1.കളീയ്ക്കൽ കമ്മ്യൂണിക്കേഷൻസ്.

2.അഖില കമ്മ്യൂണിക്കേഷൻ ജനസേവന കേന്ദ്രം.

3.അക്ഷയ കേന്ദ്രം, വള്ളിക്കോട്.

4.കരിക്കിനേത്ത് ഫേബ്രിക്സ്, കൈപ്പട്ടൂർ.

5.ഇഷ്ടിക ചൂളകൾ.

<u>മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈ</u>

2022-23 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃ
നടത്തിയ, ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽനിന്ന് തൊഴിൽനിക

1.ജഗതി.എസ്.കൃഷ്ണ.

2.ഷിബു കുമാർ.ഡി.

3.കൃഷ്ണൻ നായർ.ജി.

4.വിജയകുമാരൻ നായർ.

5.വിപിൻ.വി.

6.സുനിൽ കോശി.

7.സുബാഷ്.കെ.

8.ശ്രുതി.എസ്.

9.ടിനു.റ്റി.

ഗ്രാമപഞ്ചായത്തിൽ ടി. കരാറുകാർ തൻവർഷം ഏറ്റെടുത്ത് 
പ്രവർത്തികളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികു

കൃത്യത വരുത്തി നോട്ടീസ് നൽകി തുക ഈടാക്കേണ്ടതാണ്. ഉ
ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയ
ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവ
ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈട
നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 റേഷൻ വ്യാപാരികളുടെ തൊഴിൽ നികുതി, ലൈ
## എന്നിവ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾ
പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ
പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. പഞ
14 റേഷൻ കടകൾ പ്രവർത്തിക്കുന്നതിൽ ഒരെണ്ണം മാത്രമാണ് ലൈസൻ
അവശേഷിക്കുന്ന 13 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവ
നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി
അറിയിക്കേണ്ടതാണ്.

## 1-14 ലേലം - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 11 ൽ ശ്രീ. ലിന്റു തോമസ്, മില
വസ്തുവിന് സമീപം തോട് പുറംപോക്കിൽ നിൽക്കുന്ന മരങ്ങള
ലഭ്യമാക്കുന്നതിന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ അസി.
ഫോറസ്റ്റ് പത്തനംതിട്ട , ചെറിയ മരങ്ങളിൽ ഓരോന്നിനും 52554/- രൂ
മരത്തിന് 360603/- രൂപയുമടക്കം ആകെ 465711/- രൂപയുടെ വാല്യുവേഷ
ഈ തുക 21.11.22 ലെ 8(1)പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി അംഗീ
പ്രസ്തുത തീരുമാന പ്രകാരം, 20.01.23 തിയതിയിൽ ആദ്യ ലേലം ന
പങ്കെടുത്തില്ല. തുടർന്ന് ഭരണ സമിതിയുടെ 23.01.23 ലെ 5(1)-ാം നംമ്പ
24.02.23 ൽ നടത്തിയ പുനർ ലേലത്തിലും ആരും പങ്കെടുത്തില്ല. പിന്ന
ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിശ
ലഭ്യമാക്കേണ്ടതാണ്.

## 1-15 ഇ- ടെണ്ടർ ഫീസ് ജില്ലാപ്പഞ്ചായത്തിൽ നിന്നും തി

അസി.എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്ത
നടപടികളിൽ ടെണ്ടർ ഫീസ് ആയി 2022 -23 വർഷം കരാറുകാ
പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുന്ന
സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണ

## 1-16 ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങ
## നികുതി പുനർ നിർണ്ണയിച്ചിട്ടില്ല.

വസ്തു നികുതി നിർണ്ണയിച്ചതിന് ശേഷം ഉപയോഗക്രമത്തിൽ മാറ്റം വരു
ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല
ചേർക്കുന്നു.

| കെട്ടിട നം | സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള ഉപയോഗക്രമം | തറ വിസ്തീർണ്ണം(M²) | ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള ഉപയോഗക്രമം | നിലവിൽ ഈടാക്കു അടിസ്ഥാ നികുതി നിരക്ക് (₹ |
|---|---|---|---|---|
| 15/306 | പാർപ്പിടം | 120 | വാണിജ്യം | 7 |
| 2/237 | പാർപ്പിടം | 45 | വാണിജ്യം | 7 |
| 5/52 | പാർപ്പിടം | 28 | വാണിജ്യം | 7 |

ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വാണിജ്യ കെട്ടിട
പുനർനിർണ്ണയിക്കാത്തതിനാൽ ഈടാക്കുന്ന വസ്തു നികുതിയിൽ കു
സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/21.10.2023) മറുപടി
ഡേറ്റാ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വ
പുനർനിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികു
വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 തെരുവു വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങ റിപ്പയറിംഗും - അപാകതകൾ

| | |
|---|---|
| പ്രോ.നം, പ്രോജക്റ്റിന്റെ പേര് | 98/23, തെരുവ് വിളക്ക് മെയിന്റനൻസിനാവശ്യമായ സാധനങ്ങൾ വാങ്ങലും റിപ്പയ |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 800000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 516175/- |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി അലൂമി
എം 10 കോയിൽ ലഭ്യമാക്കാനാണ് സുപർണ ട്രേഡേഴ്സ് എന്ന കമ്പനി
എന്നാൽ സപ്ലൈ ചെയ്തത് 01 Mm ന്റെ പത്ത് കോയിൽ അലൂമിനിയം വ
മാറ്റി നൽകുന്നത് സംബന്ധിച്ച് സെക്രട്ടറി സ്ഥാപനത്തിന് കത്ത് നൽ
അലൂമിനിയം വയർ മാറ്റി നൽകിയതിന്റെ വിവരം ലഭ്യമല്ല. ഇത് സംബ
ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12 തീയതി,
സ്പെസിഫിക്കേഷനിൽ ഉള്ള സാധനം പിന്നീട് ലഭ്യമായിട്ടുണ്ടെന്ന്
എന്നാൽ ടെണ്ടർ /ക്വട്ടേഷൻ മുഖേന വാങ്ങിയ എല്ലാ സാധനങ്ങളും
രേഖപ്പടുത്തുകയോ, വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ

2. ഈ പദ്ധതിയിൽ ഉൾപെടുത്തി എല്ലാവർഷവും തെരുവ് വിളക്കുകൾ ( പഞ്ചായത്തിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ടന്നത് ന സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി സംസ്ഥാന വ്യാപകമായി നടപ്പിലാക്ക പൂർണമായും നടപ്പിലാക്കിയിട്ടില്ല.

3. കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതു നല്കുന്നതിനായി പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ സൂക്ഷിക്കുകയും. തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ ജ( വരുത്തുകയും ചെയ്യുന്നില്ല.

4. തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പരുകൾ ഉൾപ്പെടെ എ( തയാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ഇല്ലാതെ ആസ്തിപരിപാലനത്തിനു വേണ്ടി എല്ലാവർഷവും വലിയ തുക ചെലവഴിച്ചുവരുന്നു. ഗ്രാമപഞ്ച വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി, വാർഡ് തിരിച്ച് പോ( വിളക്കിന്റെ ഇനം തരം, എണ്ണം എന്നിവയും ചേർക്കാതെയാണ് ഒരേ ലൈറ്റുകൾക്ക് ഡിമാൻഡ് ചെയ്യുന്നത്. രജിസ്റ്ററിന്റെ അഭാവത്തിൽ ( ഉറപ്പ് വരുത്താനും കഴിയില്ല.

5. ആവശ്യമായ സാധനങ്ങളുടെ വാർഷിക ആവശ്യകത നിർ തയാറാക്കിയിട്ടല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. ഗുണനിലവാര പരിശോ( രേഖകളും സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് കമ്മറ്റിയാണ് ഗുണനി( നടത്തുന്നതെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നം.12/ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അതിനുള്ള സാങ്കേതിക പരിജ്ഞാനം കമ( വ്യക്തമല്ല.

## 1-18 ടേക്ക്-എ-ബ്രേക്ക് ടോയ്‌ലെറ്റ് നിഷ്ക്രിയ ആസ്തിയാ

ചന്ദനപ്പള്ളി - കോന്നി റോഡിൽ ആമ്പൽപ്പൂഞ്ചിറയിൽ പഞ്ചായത്തിന്( മിനിപാർക്കിലാണ് ടോയ് ലറ്റ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. മിനി യാഥാർത്ഥ്യമായിട്ടില്ല. മിനിപാർക്കിലുള്ള ചിറ പായൽ മൂടിക്കിട സമീപത്ത് ചാരുബെഞ്ചുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും പാർക്കും പരി( അവസ്ഥയിലാണ്. യാഥാർത്ഥ്യമാകാത്ത പാർക്കിലാണ് ടോയ്‌ലെറ്റ് കെട്ടി

2020-21 വർഷം അംഗീകാരം ലഭിച്ച കെട്ടിട നിർമ്മാണപ്രവൃത്തി പൂ( സാമ്പത്തിക വർഷമാണ്. നിർമ്മാണപ്രവൃത്തിയ്ക്കായി ആകെ ( രൂപയാണ്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സം( ഉൾപ്പെട്ടിരുന്നു(ഖണ്ഡിക 1-17 കാണുക). എന്നാൽ നിലവിലും പഴയ ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി ചെലവഴിച്ച 8.6 ലക്ഷം രൂപ പാഴാ( നിലവിലുള്ളത്.

മിനി പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്ത ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ വിശിഷ്യാ വികസനകാര്യ സ്റ്റാന്റിംഗ് ക ഉണ്ടാകേണ്ടതാണ്.

## 1-19 വാതിൽപ്പടി സേവനം -പരിശീലനത്തിൽ ഒതുങ്ങ

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 99/23, വാതിൽപ്പടി സേവനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 84900 (പൊതു വിഭാഗം വികസ ഫണ്ട്) |
| ചെലവഴിച്ച തുക | 9900 |

പദ്ധതിക്ക് വേണ്ടി 24/06/22 ൽ പഞ്ചായത്ത്തല പരിശീലനം നടത്തിയതല്ലാ ഒന്നും (വാതിൽപ്പടിസേവനം ആവശ്യമായ വ്യക്തികൾ/കുടുംബ കണ്ടെത്തുക) ഉണ്ടായിട്ടില്ല. വാതിൽപ്പടി സേവനം നടത്താത്ത വീടു വാതിൽപ്പടി സേവനം പൂർത്തിയാക്കാനും 27/3/23 ലെ പഞ്ചായത്ത് കമ്മറ്റ പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കാൻ ആവശ്യപെട്ടുകൊണ എൻകചയറിക്ക് (നം15,തീയതി 24/10/23), വിവിധ വാർഡുകളിൽന് പ്രവർത്തകരെ നിയമിച്ച് വാതിൽപ്പടി സേവനം നടത്തുന്നുണ്ടെന്ന് മറ എന്നാൽ ഇതു സംബന്ധിച്ച യാതൊരു വിശദാംശവും ഓഡിറ്റിന വാതിൽപ്പടി സേവനം നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകേ

